800/ paid

# ST. GEORGE'S HSS PARIYARAM
# (HS SECTION)

## ACADEMIC
## MASTER PLAN

## ആമുഖം

ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്ര ങ്ങളാക്കി മാറ്റുക. അതുവഴി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്നതാണ് പൊതുവിദ്യാഭ്യാസ സംര ക്ഷണയജ്ഞത്തിന്റെ പ്രധാന ലക്ഷ്യം. അറിവിന്റേയും കഴിവിന്റേയും തലത്തിൽ നമ്മുടെ കുട്ടികൾ ഔന്നിത്യം പുലർ ത്തണം. പാഠപുസ്തകത്തിനപ്പുറത്തേക്ക് പഠന പ്രവർത്തനങ്ങളെ വികസിപ്പി ക്കുക, അറിവിനെ ജീവിതവുമായി ബന്ധിപ്പിക്കുക, ഭാവി ജീവിതവുമായി ബന്ധിപ്പിക്കുക. ഭാവി ജീവിതത്തിൽ അവ പ്രയോജനപ്പെടുത്താനുള്ള കഴിവും ശേഷിയും വികസിപ്പിക്കുക ഇതിനെല്ലാം സഹായകമായ രീതിയിലാണ് പ്രവർത്തനങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. അവസരതുല്യത, ലിംഗസമത്വം, മാനവി കത എന്നിവയ്ക്ക് കുടുതൽ പ്രാധാന്യം നൽകികൊണ്ടുള്ള വിദ്യാഭ്യാസമാണ് കുട്ടികൾക്ക് നൽകുന്നത്. ആശയങ്ങളിൽ ഊന്നികൊണ്ട് അനുഭവങ്ങളിലൂടെ കുട്ടികൾക്ക് അറിവ് ലഭിക്കാൻ ഉതകുന്ന ബോധനതന്ത്രങ്ങളാണ് മുന്നോട്ട് വയ്ക്കുന്നത്. അക്കാദിമിക മികവാണ് വിദ്യാലയമികവ് എന്ന ആശയത്തിലേക്ക് നയിക്കുന്ന തരത്തിൽ ഭൗതീകവും അക്കാദമികവും സാമൂഹികവുമായ മേഖല കളിലെ വികസനം സാധ്യമാക്കുന്നതിന് സഹായകമായ കർമ്മപദ്ധതികളാണ് ഉൾകൊള്ളിച്ചിരിക്കുന്നത്. PTA, OSA, MPTA,പഞ്ചായത്ത് അഭ്യുദയകാം ക്ഷികൾ എന്നിവരുടെ സഹകരണത്തോടും പിൻന്തുണയോടും കൂടിയാണ് ഈ പദ്ധതികൾ നിർവ്വഹിക്കുന്നത്.

## ലക്ഷ്യങ്ങൾ

പൊതുവിദ്യാലയങ്ങൾ പൊതുസമൂഹത്തിന്റെ പങ്കാളിത്തത്തോടെ മിക വിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക. കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കുക. എല്ലാ കുട്ടികളും പൊതുവിദ്യാലയത്തിൽ എത്തിക്കുക. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പ് വരുത്തുക. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവും കലാ പരവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവ രിക്കാൻ പ്രാപ്തരാക്കുക. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷ കൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പാക്കുക. കാർഷിക സംസ്ക്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക. മാലിന്യ നിർമ്മാർജനം ഒരു സംസ്ക്കാരമായി വളർത്തിയെടുക്കുക. മദ്യപാനം, മയക്കു

മരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക. പ്ലാസ്റ്റിക്മുക്ത, കീടനാശിനിമുക്ത. ലഹരിമുക്ത കാമ്പസുകൾ സൃഷ്ടിക്കുക. സ്കൂൾ വായനശാലകളും ലബോറട്ടറികളും ആധുനികവൽക്കരിക്കുക. സ്കൂൾ കുട്ടികൾക്ക് ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യം ഏർപ്പെടുത്തുക. പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യ ധാരയിലെത്തിക്കുക. എല്ലാ ക്ലാസ്സ്മുറികളും ഹൈടക്ക് ആക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക. പഠന ക്യാമ്പുകൾ, ലഘുപഠനയാത്രകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, ശില്പശാലകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

## വിദ്യാലയചരിത്രം

സുന്ദരവും കാർഷിക വിഭവങ്ങളാൽ സമൃദ്ധവുമായിരുന്ന പരിയാരമെന്ന കൊച്ചു ഗ്രാമത്തിലേക്ക് പിന്തിരിഞ്ഞുനോക്കാം. ജലസ്രോതസ്സുകൾക്കുവേണ്ടിയുള്ള അവകാശതർക്കങ്ങളും സമരകോലാഹലങ്ങളും ഒരു കാലഘട്ടത്തിൽ ഉണ്ടായിരുന്നു. എങ്കിലും തെളിനീരൊഴുകുന്ന ചാലക്കുടി പുഴയാൽ മൂന്ന് ഭാഗവും ചുറ്റപ്പെട്ട് പച്ചപ്പാടത്ത് കായ് ഫലങ്ങളാൽ ആരേണ വിഭൂഷിതയായി മനോഹരിയായ ഒരു നവവധുവിനെപ്പോലെ ഒരുങ്ങിനിൽക്കുന്ന ഒരു കൊച്ചു ഗ്രാമമാണ് ഇന്നത്തെ പരിയാരം,

കാലത്തിന്റെ കുത്തൊഴുക്കിനൊത്ത് ചലനങ്ങൾ അഥവാ മാറ്റങ്ങൾ തിരിച്ചറിയാനുള്ള ഔചിത്യബോധം നമ്മുടെ പൂർവ്വികർക്കുണ്ടായിരുന്നു. കുട്ടികൾക്ക് അക്ഷരവെളിച്ചം പകർന്നുനൽകി വിജ്ഞാനത്തിന്റെ നിറദീപം ഓരോ കുടുംബങ്ങളിലും പ്രകാശിപ്പിക്കണമെന്ന് തീരുമാനിച്ച നമ്മുടെ കാരണവന്മാരുടെ സ്മരണക്കുമുമ്പിൽ ഈ തലമുറ സാഷ്ടാംഗം പ്രണമിക്കുന്നു. 1867 ൽ പള്ളിയോടനുബന്ധിച്ച് ഒരു പ്രൈമറി വിദ്യാലയം സ്ഥാപിക്കപ്പെട്ട ആ നിമിഷം പരിയാരത്തിലെ ജനങ്ങൾക്ക് വിജ്ഞാനത്തിന്റെ അത്യുന്നതങ്ങളിലേക്ക് ഉയരാനുള്ള ഒരു സോപാനത്തിന്, അടിസ്ഥാനശില പാകുകയായിരുന്നു. വിദ്യയ്ക്കുവേണ്ടി ദാഹിച്ച് എത്തുന്ന കൊച്ചുമക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചപ്പോൾ കൂടുതൽ സൗകര്യമുള്ള മറ്റൊരു സ്കൂൾ ആവശ്യമായി വന്നു. 1922 ൽ ഈ സ്ഥാപനം ഒരു ഹൈസ്കൂൾ ആയി വളരുകയായിരുന്നു.

## സെന്റ് ജോർജ്ജസ് ഹൈസ്കൂൾ, പരിയാരം

### ചരിത്രം ഒറ്റ നോട്ടത്തിൽ:

- ☐ തൃശ്ശൂർ ജില്ലയിൽ പരിയാരം വില്ലേജിൽ സെന്റ് ജോർജ്ജസ് ദേവാലയത്തോടനുബന്ധിച്ച് L P Schoolസ്ഥാപിതമായ വർഷം-ജൂൺ 1897.
- ☐ അന്നത്തെ സ്കൂൾ മാനേജർ: റവ. ഫാ. മാത്യു പഴയാറ്റിൽ
- ☐ ഈ സ്കൂൾ യു.പി. സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ട വർഷം ജൂൺ 1922.
- ☐ സെന്റ് ജോർജ്ജസ് യു.പി. സ്കൂളിലെ അഡ്മിഷൻ റജിസ്റ്ററിൽ ആദ്യമായി എഴുതിയ കുട്ടിയുടെ പേര് വടാശ്ശേരി ആഗസ്തി ചാക്കുണ്ണി.
- ☐ ഈ സ്കൂൾ ഹൈസ്ക്കൂൾ ആയി അപ്ഗ്രേജ് ചെയ്യപ്പെട്ട വർഷം ജൂൺ 1946.
- ☐ ആദ്യത്തെ പ്രധാന അധ്യാപകൻ

  എഫ്രായിം കെ.പി.
- ☐ ഹൈസ്കൂൾ നിലവിൽ വന്നപ്പോൾ സേവനം അനുഷ്ഠിച്ചിരുന്ന അദ്ധ്യാപകരുടെ എണ്ണം - 15
- ☐ ഈ ഹൈസ്കൂളിൽ നിന്നും ആദ്യത്തെ ബാച്ച് S.S.L.C.പരീക്ഷ എഴുതി വർഷം 1949.
- ☐ ഇരിങ്ങാലക്കുട രൂപതയുടെ കോർപ്പറേറ്റ് എജ്യൂക്കേഷൻ ഏജൻസിയുടെ കീഴിൽ ഈ വിദ്യാലയം നിലവിൽ വന്ന വർഷം 1979.
- ☐ 1st കോർപ്പറേറ്റ് മാനേജർ റവ. ഫാ. തോമസ് വാഴപ്പിള്ളി.
- ☐ അന്നത്തെ ലോക്കൽ മാനേജർ റവ. ഫാ. ജോസഫ് പടമാടൻ.

### നിലവിലെ അവസ്ഥ

സെന്റ് ജോർജ്ജസിന്റെ നാമധേയത്തിലുള്ള ഈ വിദ്യാലയം കല, കായിക, അക്കാദമിക് രംഗങ്ങളിൽ അതിന്റെ മികവ് നിലനിർത്തുന്നു. നിസ്വാർത്ഥമായും അക്ഷീണം പ്രയത്നിച്ചുകൊണ്ടിരിക്കുന്ന ഹെഡ്മാറ്റർ ശ്രീ. സന്തോഷ് ദേവസ്സിയും വിദ്യാലത്തിന്റെ സർവ്വോന്മുഖമായ വളർച്ചയ്ക്ക് കരുതലോടെയും ദീർഘ വീക്ഷണത്തോടെയും പ്രവർത്തിക്കുന്ന ഹൈസ്ക്കൂൾ വിഭാഗത്തിലേയും യു,പി. വിഭാഗത്തിലേയും 28 അധ്യാപകരും 4 അനധ്യാപകരും PTA, MPTA, Management കമ്മിറ്റി അംഗങ്ങളും OSA അംഗങ്ങളും സന്മനസ്സുള്ള നാട്ടുകാരും ഈ വിദ്യാലയത്തിന്റെ മുതൽകൂട്ടാണ്. സത്യം, ജ്ഞാനം, അദ്ധ്വാനം എന്നതാണ് ഈ വിദ്യാലയത്തിന്റെ മുദ്രവാക്യം. U P തലത്തിൽ 9 ക്ലാസ്സ് മുറികളും H S വിഭാഗത്തിൽ 10 പഠനമുറികളും1 I T Lab ഉം1 ലൈബ്രറി, 1 സയിൻസ് ലാബ് എന്നിവയും നിലവിലുണ്ട്.

H S വിഭാഗത്തിൽ ഈ വിദ്യാലയത്തിൽ മലയാളം പഠിപ്പിക്കുന്നതിന് മൂന്ന്, ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് 2, ഹിന്ദി 2, ഫിസിക്സ് 1, ബയോളജി 2, I T എല്ലാ ക്ലാസ് അധ്യാപകർക്കും എന്നിങ്ങനെ അധ്യാപകർ പ്രവർത്തിക്കുന്നു. SRG Meeting മാസത്തിൽ രണ്ട് പ്രാവശ്യം കൂടുന്നുണ്ട്. യു.പി. വിഭാഗത്തിൽ 10 അധ്യാപകരും പ്രവർത്തിക്കുന്നുണ്ട്.

## അക്കാദമികം

### നേട്ടങ്ങൾ

കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിച്ച് വിജയത്തിലേക്ക് നയിക്കുന്നു. USS, LSS, NMMS തുടങ്ങിയവ സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള പരിശീലനം നൽകുകയും വിജയത്തിലേക്ക് എത്തുകയും ചെയ്യുന്നു. സ്കൗട്ട്, ഗൈഡ്സ്, ജെ.ആർ.സി. തുടങ്ങിയ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളിലൂടെ പഠനത്തോടൊപ്പം സേവന മനോഭാവം വർദ്ധിപ്പിക്കാൻ കഴിയുന്നുണ്ട്. S.S.L.C. പരീക്ഷയ്ക്ക് തിളക്കമാർന്ന വിജയം നേടികൊണ്ട് മുന്നേറുകയാണ് ഈ വിദ്യാലയം.

മികവ്: Year of Students S S L C in %

| Result | Strength | S S L C | Full A+ | 9A+ |
|---|---|---|---|---|
| 2019 | 100% | | 3 | 2 |
| 2020 | 82 | 96% | 7 | - |
| 2021 | 81 | 100% | 13 | 14 |
| 2022 | 131 | 100% | 11 | 5 |
| 2023 | 117 | 100% | 16 | 3 |
| 2024 | 114 | 100% | 11 | 9 |

Scholarship

2019 - 2020

USS - 4

2020- 2021

| | LSS | USS | NMMS |
|---|---|---|---|
| | 8 | 3 | 1 |
| | | 5 | 1 |
| | | | 1 |

2022-23

2021-22

2022-23 5

23 - 24 1

## പാഠ്യേതരമികവ്

**Sports and Games**

**2018-2019**

135 വിദ്യാർത്ഥികൾ ഉപജില്ലാതലത്തിൽ പങ്കെടുത്തു. 45 വിദ്യാർത്ഥികൾ ജില്ലാതലത്തിലും 3 വിദ്യാർത്ഥികൾ സംസ്ഥാനതലത്തിലും പങ്കെടുത്തു. ഉപ ജില്ലാതലത്തിൽ 7 സ്വർണ്ണം, 7 വെള്ളി, 9 വെങ്കലവും ഓവറോൾ 3-ാം സ്ഥാനവും കരസ്ഥമാക്കി. ഉപജില്ലാതലത്തിൽ ഖൊ-ഖൊ, ബോൾ ബാഡ്മിന്റൺ, വോളിബോൾ, ബാഡ്മിന്റൺ, ലോൺ ടെന്നീസ് എന്നിവയിൽ വിജയം കൈവരിച്ചു.

**2019-2020**

14 വിദ്യാർത്ഥികൾ സംസ്ഥാന തലത്തിൽ പങ്കെടുത്തു. 32 കുട്ടികൾ തൃശ്ശൂർ റവന്യൂ തലത്തിൽ പങ്കെടുത്തു. 27 കുട്ടികൾ ഉപജില്ലാതലത്തിലും മികച്ച നേട്ടമുണ്ടാക്കി. തൃശ്ശൂർ ജില്ലാ കിഡ്സ് അത്‌ലറ്റിക്സിൽ പങ്കെടുത്ത 4 വിഭാഗങ്ങളിൽ രണ്ട് വിഭാഗങ്ങളിൽ ഒന്നാം സ്ഥാനവും 2 വിഭാഗങ്ങളിൽ മൂന്നാം സ്ഥാനവും നേടി ഓവറോൾ ചാമ്പ്യന്മാരായി. ചാലക്കുടി ഉപജില്ലാ കായിക മേളയിൽ 13 സ്വർണ്ണവും 9 വെള്ളിയും 8 വെങ്കലവും നേടി ഓവറോൾ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

**2021-2022**

തൃശ്ശൂർ ജില്ല അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ 27 കുട്ടികൾ പങ്കെടുത്തു. Under 14 വിഭാഗത്തിൽ 8 ഗോൾഡ് മെഡലും 11 സിൽവറും 7 ബ്രൗൺസും നേടി ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. സംസ്ഥാന മത്സരത്തിൽ ജാവലിൻ ത്രോയിൽ നാലാം സ്ഥാനം കരസ്ഥമാക്കി.

**2022-2023**

കേരള സ്കൂൾ സംസ്ഥാനതല ചാമ്പ്യൻഷിപ്പിലും Soft ballചാമ്പ്യൻഷിപ്പിലും ഗോൾഡ് മെഡൽ കരസ്ഥമാക്കി. H Sവിഭാഗത്തിൽ അത്‌ലറ്റിക്സിലും ടെന്നീസിലും സംസ്ഥാനതലത്തിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കാൻ ഇവിടത്തെ വിദ്യാർത്ഥികൾക്ക് സാധിച്ചു. സ്കൂൾ അതിലറ്റിക്സ് ടീം ചാലക്കുടി ഉപജില്ലാതലത്തിൽ ഓവറോൾ അഞ്ചാം സ്ഥാനവും കരസ്ഥമാക്കി. ഖൊ-ഖൊ ടീം ഉപജില്ലാതലത്തിൽ ജൂനിയർ സബ്ജൂനിയർ വിഭാഗങ്ങളിൽ വിജയികളായി.

ഓൾ കേരള ഫുട്ബോൾ ടൂർണമെന്റ് Kidsഅത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ വിജയം കൈവരിച്ചു.

## അക്കാദമികം

## പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി വിജയശതമാനം ഉയർത്താൻ കനിയുന്നുണ്ടെങ്കിലും ചില പരിമിതികൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. എല്ലാ ക്ലാസ് മുറികളും ഹൈടക് നിലവാരത്തിലേക്കുയർന്നില്ല എന്നത് പരിമിതിയാണ്. പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മയിലൂടെയും പി.ടി.എ. സഹകരണത്തോടെയും ഹൈസ്കൂൾ വിഭാഗത്തിലെ ക്ലാസ്സ് മുറികളും വിദ്യാലയാങ്കണവും ടൈൽസ് പാകി ഒരുക്കാൻ കഴിഞ്ഞെങ്കിലും യു.പി. വിഭാഗത്തിൽ ഇനിയും ടൈൽ പാകുവാനും മറ്റും പണം കണ്ടെത്തേണ്ടതുണ്ട്. യു.പി. വിഭാഗത്തിൽ ഇനിയും ചില ക്ലാസ്സു മുറികൾ ഹൈടെക് നിലവാരത്തിലെത്തേണ്ടതുണ്ട്. ഗണിതലാബ്, സാമൂഹ്യശാസത്രലാബ് എന്നിവ ഹൈസ്കൂളിന് പ്രത്യേകമായില്ല. ശാസ്ത്രവിഷയങ്ങൾക്ക് ഒരു ലാബ് ഉണ്ടെങ്കിലും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് പ്രത്യേകമായി ലാബില്ല. ഹൈസ്ക്കൂൾ, ഐ.ടി. പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ലൈബ്രറി വികസിപ്പിക്കുന്നതിനും മറ്റും ജനപ്രതിനിധികളിൽ നിന്നും ഫണ്ട് ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## ഭൗതികം

## നേട്ടങ്ങൾ

ഹൈസ്കൂൾ ക്ലാസ്റൂമുകൾ ഹൈടെക് ആക്കാൻ സാധിച്ചു. വിദ്യാലയാങ്കണം ടൈൽ പാകാനും കഴിഞ്ഞു. കുട്ടികൾക്ക് വായനക്ക് ഒരു ചെറിയ ലൈബ്രറി ഒരുക്കിയിട്ടുണ്ട്. 30 കമ്പ്യൂട്ടറുകളുള്ള H Sഐ.ടി. ലാബ് സ്കൂളിന്റെ ഭൗതീക നേട്ടമാണ്. പരീക്ഷണങ്ങൾ ചെയ്യാൻ കഴിയുന്ന ശാസ്ത്രലാബ് സ്കൂളിന്റെ മറ്റൊരു നേട്ടമാണ്. കായിക പരിശീലനത്തിനായി വിശാലമായ ഗ്രൗണ്ട് വിദ്യാലയത്തിന്റെ നേട്ടംതന്നെയാണ് ധാരാളം കുട്ടികൾ കായിക പരിശീലനം നേടി സ്റ്റേറ്റ് ലെവലിൽ മത്സരങ്ങളിൽ പങ്കെടുക്കാൻ സാധിച്ചിട്ടുണ്ട്. മികച്ച ശൗചാലയങ്ങൾ ഉണ്ട് എന്നുള്ളത് ഈ വിദ്യാലയത്തിന്റെ നേട്ടമാണ്.

## ഭൗതികം

## പരിമിതികൾ

യു.പി. വിഭാഗത്തിലെ ക്ലാസ് റൂമുകളും ഹൈടെക് നിലവാരത്തിലേക്കുയരണം.

ലൈബ്രറിയിൽ രണ്ടായിരത്തോളം പുസ്തകങ്ങൾ ഉണ്ടെങ്കിലും അവ വേണ്ടവിധത്തിൽ ഡിസ്പ്ലേ ചെയ്യാനുള്ള സൗകര്യം ഇല്ല. റീഡിംഗ് റൂം സൗകര്യം വിശാലമായ ഒരു റൂമിലേക്ക് മാറ്റണം അതിനായി ഒരു റീഡിംഗ് റൂം പണിയണം. ഡിജിറ്റലൈസ്ഡ് ലൈബ്രറി ഒരുക്കുന്നതിനായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ ആവശ്യമാണ്.

കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള ഭോജനശാല നിലവിൽ സ്കൂളിൽ ഇല്ല. ആധുനിക സൗകര്യത്തോടുകൂടിയ ഒരു ഭോജനശാല നിർമ്മിക്കണം. ഇതിൽ ആവശ്യത്തിന് ഫർണീച്ചറുകളും പാത്രങ്ങളും മറ്റും ലഭ്യമാവണം.

കുട്ടികൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഉതുകുന്ന ശൗചാലയങ്ങൾ ഉണ്ടെങ്കിലും ഇനിയും അതിന്റെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്.

ആകർഷമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യപാർക്ക് എന്നിവ ഒരുക്കേണ്ടതാണ്. കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകാൻ (ഉപകരണസംഗീതങ്ങൾ ഉൾപ്പെടെ) പ്രത്യേക റൂം സൗകര്യമൊരുക്കണം.

ഈ വിദ്യാലയം സ്കൂൾ മെയിൻ റോഡിൽനിന്ന് ¾ km. അകലെയായതിനാൽ വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് ബസ്സ് സൗകര്യം ലഭിക്കാൻ വളരെ ബുദ്ധിമുട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന വീടുകളിൽ നിന്നുള്ള വിദ്യാർത്ഥികളായതിനാൽ സ്കൂൾ ബസ്സ് സൗകര്യം ഫലപ്രദമാക്കാൻ അവർക്ക് കഴിയുന്നില്ല. സ്കൗട്ട്, ഗൈഡ്സ്, JCR തുടങ്ങിയവയ്ക്ക് കുട്ടികളുടെ യൂണിഫോം മറ്റ് സാധന സാമഗ്രികൾ എന്നിവ സൂക്ഷിക്കാൻ പ്രത്യേക റൂം സൗകര്യം ഉണ്ടാകേണ്ടതുണ്ട്.

വിശാലമായ കളിസ്ഥലമുണ്ടെങ്കിലും ഒരു സ്പോർട്സ് പവിലിയൻ ഇൻഡോർ സ്റ്റേഡിയം എന്നിവ ഒരു സ്വപ്നമായി നിലനിൽക്കുന്നു. കായിക പഠനം കാര്യക്ഷമമാക്കുന്നതിന് ഇവയ്ക്ക് നിർണ്ണായക പങ്കുണ്ട്.

## സാമൂഹികം

### നേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. അതുപോലെ സ്കൂളിലെ വിവിധ ക്ലാസുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിച്ചിരിക്കുന്നു. സാമൂഹ്യശുചിത്വം. വൃക്ഷതൈകൾ വച്ച് പിടിപ്പിക്കൽ, അനാഥാലയ സന്ദർശനങ്ങൾ തുടങ്ങിയവ പ്രവർത്തനങ്ങൾ ഏറെ മാതൃകപരമായി നടത്തുകയും ചെയ്യുന്നു.

### പരിമിതികൾ

പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടും പഠനസമയം കൂടുതൽ നഷ്ടപ്പെടുന്നതിനാലും പഠന സമയത്തുള്ള ചില പ്രവർത്തനങ്ങളെങ്കിലും ഏറ്റെടുക്കുവാനുള്ള പരിമിതി ഉണ്ട്.

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

### വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിതശേഷി വികസനം
3. ഇംഗ്ലീഷ് പഠനം-അനായാസകരമാക്കൽ
4. വായനാശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ലാബോറട്ടറി നവീകരണം-ശാസ്ത്രം
7. പ്രതിഭാപോഷണപരിപാടി
8. ലൈബ്രറി ശാക്തീകരണം
9. ജൈവവൈവിധ്യ പാർക്ക് - ഒരുക്കൽ
10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
11. പഠനയാത്രികൾ
12. സ്കൂൾ പത്രം, മാസിക
13. അധ്യാപകശാക്തീകരണം-സ്കൂൾ SRGതലം
14. പ്രവർത്തി പരിചയ പരിശീലനം
15. കലാപരിപോഷണം
16. പച്ചക്കറിത്തോട്ടം

17. സഹിത്യ ശില്പശാലകൾ

18. മെഡിക്കൽ ക്യാമ്പുകൾ

19. രക്തഗ്രൂപ്പ് നിർണ്ണയം

20. ലഘുഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ

21. ദിനാചരണങ്ങൾ -ശക്തിപ്പെടുത്തൽ

22. ഗവേഷണാത്മക പഠനം

23. കായികശേഷി വികസനം

24. വിലയിരുത്തൽ കാര്യക്ഷമമാക്കൽ

25. ഐ.ടി. പഠനം കാര്യക്ഷമമാക്കൽ

26. ചിത്രരചനാക്യാമ്പ്

27. ശാസ്ത്ര, ഗണിതശാസ്ത്രം,S S, I Tപ്രവർത്തി പരിചയമേളകൾ

28. ക്ലാസ് P.T.A.കാര്യക്ഷമമാക്കൽ

29. സാമൂഹിക, സാമ്പത്തിക, പ്രാദേശിക പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ മുഖ്യധാരയിലെത്തിക്കുക.

## Academic Master Plan – English

### Objectives

1. Make the students to read and write without any mistakes
2. Develop the confidence to speak in English based on daily lie situations.
3. Integrate and understand what she/he heard and seen.
4. Inspire the student to read English books and develop their language skills.
5. Enable the students to handle the general discourses in English language

### Short-term U.P.

1 Lear nthe vocabulary and its meaning.

2 By using pictures and videos, make the students enable to form writ-ups, English news, Animation Programs, English library and English new reports.

**H.S.**

1. To inculcate the creative skills like Skit, Screen play, Welcome Speech, Vote of thanks, Announcement, handwritten Magazines, Editorials, A note on a book, Collage, Wall Magazine Wonder news and puzzles.

**Mid-Term U.P.**

1. Use the words in the sentences.
2. Enable the students to integrate the English sentences.
3. Enable the students to handle English Assembly, Poetic choreography, Analysis & news paper, Presentation of a book review, introducing a book and class Magazines.

**H.S**

1 Class level Evaluation.
2. Poem Recitation
3. Story /Telling
4. One minute – Speech.
5. Thought Presentation.
6. Dictionary making.
7. Creative Presentation.
8. Seminar.
9. Project Presentation.
10. Media News.
11. Evaluation Presentation.

**Long Term - U.P.**

1. Creative Dramatics
2. Conversation.
3. Skit Presentation
4. Script writing.
5. Making News Paper report.
6. Book review.
7. Debate.

**H.S.**

1. Blog Creation.

2. Figure of speech.
3. Story writing.
4. Essay writing.
5. Notice Presentation.
6. Invitation.
7. Book Presentation.
8. Book review competition.
9. Quiz Competition.
10. Vocabulary Development Programme

## ഭാഷാവികാസം :HS

**വിഷയം - മാതൃഭാഷ/മലയാളം**

**ലക്ഷ്യങ്ങൾ :**

1. എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.
2. എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നു.
3. സാഹിത്യാഭിരുചി വളർത്താനുള്ള പ്രവർത്തനങ്ങൾ കണ്ടെത്തുക,
4. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

**ഹ്രസ്വം H. S.**

ആനുകാലിക വിഷയങ്ങളിൽ പ്രസംഗം, പ്രഭാഷണം, ഉപന്യാസരചന എന്നിവ തയ്യാറാക്കുക. സാഹിത്യകാരന്മാരുടെ ആൽബം തയ്യാറാക്കൽ, ലൈബറിപുസ്തക വായന, വായനകുറിപ്പ്. പാഠപുസ്തകവായന, ഡയറിഎഴുത്ത്, അനുഭവക്കുറിപ്പ് എന്നിവ തയ്യാറാക്കുക. കഥാരചന. കവിതാരചന, പ്രാദേശിക സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ, പത്രവാർത്ത ശേഖരണ പതിപ്പ്.

**മാധ്യമംH. S.**

എല്ലാ കുട്ടികൾക്കും ദിനാചരണവുമായി ബന്ധപ്പെട്ട സാഹിത്യരചനയ്ക്കുള്ള അവസരം നൽകുന്നു. പ്രസംഗം പറയാനുള്ള അവസര, പത്രവാർത്ത തയ്യാറാക്കാനുള്ള അവസരം എന്നിവ നൽകുന്നു. വായനക്കുറിപ്പ് മത്സരം, സെമിനാർ, ആസ്വാദനകുറിപ്പ്, പ്രാദേശിക കലാരൂപങ്ങൾ പരിചയപ്പെടുത്തുക, ഉപന്യാസരചനാ മത്സരം.

ദീർഘംH. S.

ആൽബപ്രദർശനം ക്ലാസ്സ് തലം, സ്കൂൾതലം, എന്റെ ഡയറി, യാത്രാവിവരണം, ഓർമ്മക്കുറിപ്പുകൾ, തിരക്കഥാരചന, നാടകരചന, വിമർശനാത്മക പഠനം

## വിഷയം - ഹിന്ദി - മാസ്റ്റർ പ്ലാൻ

ലക്ഷ്യങ്ങൾ

1. ഹിന്ദി അക്ഷരമാല തെറ്റ കൂടാതെ എഴുതാനും, വായിക്കാനും, സംസാരിക്കാനും പഠിക്കുക.
2. അനുദിന ജീവിതത്തിൽ കാണുന്നതും, കേൾക്കുന്നതും, ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.
3. സ്വന്തം ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കുക.
4. കാണുന്നതും, കേൾക്കുന്നതും ഗ്രഹിക്കാനുള്ള കഴിവ് വളർത്തുക.
5. ഹിന്ദി പുസ്തകങ്ങൾ വായിക്കാനും, ടി.വ, റേഡിയോ വാർത്തകൾ മാധ്യമങ്ങളിലൂടെ കേൾക്കാനും മനസ്സിലാക്കാനുമുള്ള കഴിവ് വളർത്തുക.

ഹ്രസ്വം

അക്ഷരമാല മന:പാഠമാക്കൽ ഒരു അക്ഷരം ഉപയോഗിച്ച് 5 പദങ്ങൾ ഉണ്ടാക്കുക, ICT യുടെ സഹായത്തോടെ പദങ്ങൾ തിരിച്ചറിയുന്നു, വിവരണം തയ്യാറാക്കൽ, യാത്രാവിവരണം, ആസ്വാദനക്കുറിപ്പ് എന്നിവ എഴുതുന്നു.

മധ്യമം

വാക്കുകൾ വാക്യങ്ങളാക്കൽ, വാക്യങ്ങൾകൊണ്ട് ആശയവിനിമയം നടത്തുന്നു. സംഭാഷണം, പ്രാദേശിക പദങ്ങൾ പരിചയപ്പെടൽ, പട്ടികപ്പെടുത്തൽ, റിപ്പോർട്ട്, ആത്മകഥ, ജീവചരിത്രം, വിവരണം.

ദീർഘം

ഹിന്ദി ക്ലാസ്സിൽ ഹിന്ദി സംസാരിക്കുന്നു. സർഗാത്മക രചനകൾ, കഥ, കവിത, പോസ്റ്റർ നിർമ്മാണം, കൊളാഷ്, വായനാമൂല ഒരുക്കൽ എന്നിവ.

ഹിന്ദി അസംബ്ലി ആഴ്ചയിലൊരിക്കൽ നടത്തും.. ഓരോ ആഴ്ചയിലും അസംബ്ലി നടത്തേണ്ട ചുമതല നിശ്ചിത ക്ലാസ്സുകൾക്കായിരിക്കും, പ്രാർത്ഥന, പ്രതിജ്ഞ, വാർത്തപാരായണം തുടങ്ങിയവയെല്ലാം ഹിന്ദി മാധ്യമത്തിലായിരിക്കും.

## സാമൂഹ്യശാസ്ത്രം H. S.

ലക്ഷ്യങ്ങൾ : -

- ഭൂപട വായന അർത്ഥ പൂർണ്ണമായി ക്രമീകരിക്കുന്നു.
- പ്രാചീന - മധ്യ ആധുനിക ഇന്ത്യയുടെ പ്രധാന സംഭവങ്ങളെ തരം തിരിക്കുന്നു.
- പ്രാദേശിക ചരിത്രാവബോധം വളർത്തുന്നു.
- പഠനയാത്രകളിലൂടെ ചരിത്രപഠനം കാര്യക്ഷമമാക്കുന്നു.

ഹ്രസ്വം :-

ഗ്ലോബ് പരിചയപ്പെടൽ, അക്ഷാംശ രേഖാംശരേഖകൾ, ആഴ്ചയിൽ 10 ചോദ്യങ്ങളും ഉത്തരങ്ങളും നൽകുന്നു. മധ്യകാല ലോകത്തിലെ നഗരങ്ങൾ എന്നിവ കണ്ടെത്തുന്നു. ആധുനിക ആനുകാലിക വിഷയങ്ങളെ ആസ്പദമാക്കി ഉപന്യാസം, നിമിഷപ്രസംഗം എന്നിവ നടത്തുന്നു.

മധ്യമം : -

അക്ഷാംശ രേഖാംശ രേഖകൾക്കനുസരിച്ചുള്ള വ്യത്യസ്ത കാലാവസ്ഥ മേഖലകൾ കണ്ടെത്തി വിലയിരുത്തുന്നു. ക്വിസ്സ് 3 മാസത്തിലൊരിക്കൽ, ചുമർചിത്രം, കൊളാഷ്, ഫീൽഡ് ട്രിപ്പ് എന്നിവ സംഘടിപ്പിക്കുന്നു. ഓരോ കുട്ടിയും അവരവരുടെ പ്രദേശത്തിന്റെ ചരിത്രം തയ്യാറാക്കുന്നു. (ചരിത്രനേതാക്കന്മാർ, അഭിമുഖം, സംവാദം) സന്ദർശന റിപ്പോർട്ട്, അറ്റ്ലസ് നിർമ്മാണം, ക്വിസ് മത്സരം.

ദീർഘം :-

ഭൂപടനിർമ്മാണം (മണ്ണ്, മണൽ, കക്ക) ഗ്ലോബ് നിർമ്മാണം,പൊതുവിജ്ഞാനകോശം തയ്യാറാക്കുന്നു. പ്രാചീന, മധ്യ, ആധുനിക ഇന്ത്യ എന്നിവയുടെ പതിപ്പ്, റിപ്പോർട്ട് ചരിത്രരേഖകൾ ശേഖരണം, ഡയാഗ്രം തയ്യാറാക്കൽ സെമിനാർ, മാഗസിൻ, വളരുന്ന സാമൂഹ്യശാസ്ത്രപുസ്തകം.

## ബയോളജി

ലക്ഷ്യങ്ങൾ : -

1. മൈക്രോസ്കോപ്പിന്റെ ഭാഗങ്ങൾ, ധർമ്മങ്ങൾ എന്നിവ പഠിക്കുന്നു.

2. കോശങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നു.

3. കലകൾ, വിവിധ അവയവ വ്യവസ്ഥകൾ ഇവയുടെ ധർമ്മങ്ങൾ ഇവ തിരിച്ചറിയുന്നു.

4. കൃഷിയുടെ പ്രാധാന്യം മനസ്സിലാക്കുന്നു.

5. പ്രകൃതിയിലെ വ്യത്യസ്ത ജീവജാലങ്ങൾ അവയുടെ പരസ്പരബന്ധം ഇവയെക്കുറിച്ച് ധാരണ കൈവരിക്കുന്നു.

6. വിവിധ തരം രോഗങ്ങൾ, രോഗാണുക്കൾ, വാഗഹകർ, രോഗകാരണങ്ങൾ ഇവയെക്കുറിച്ചുള്ള ധാരണ.

ഹ്രസ്വം :-

സസ്യകോശങ്ങൾ, ജന്തുകോശങ്ങൾ - സ്ലൈഡ് മൈക്രോസ്കോപ്പിലൂടെ നിരീക്ഷണം., നേത്രസംരക്ഷണം, പോസ്റ്റർ നിർമ്മിക്കുന്നു, ലഹരി വിരുദ്ധ ആശയങ്ങൾ നൽകുന്ന പോസ്റ്ററുകൾ, പ്ലക്കാർഡുകൾ, ചാർട്ടുകൾ ഇവ നിർമ്മിക്കുന്നു. ജൈവകൃഷിയുടെ പ്രാധാന്യം തിരിച്ചറിയുന്നു. കുറിപ്പുകൾ തയ്യാറാക്കുന്നു. സാമ്പത്തിക പ്രാധാന്യമുള്ള സസ്യങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു. ചിത്രങ്ങൾ ശേഖരിക്കുന്നു. സസ്യങ്ങളുടെ ശാസ്ത്രനാമം തിരിച്ചറിയുന്നു.

മധ്യമകാലം : -

സസഭാഗങ്ങളുടെ ഛേദങ്ങളെടുത്ത മൈക്രോസ്കോപ്പിലൂടെ നിരീക്ഷിക്കുന്നു. വിവിധ തരം സസ്യങ്ങൾ സാമ്പത്തിക പ്രാധാന്യമുള്ളവ, ഔഷധസസ്യങ്ങൾ നിത്യജീവിതത്തിൽ ഇവയുടെ പ്രാധാന്യം തിരിച്ചറിയുന്നു. വിവിധ തരം കൃഷിരീതികൾ മനസ്സിലാക്കുന്നു. പ്രദേശത്തുള്ള കർഷകരുമായി അഭിമുഖം. സസ്യങ്ങൾ, ജന്തുക്കൾ ഇവയുടെ ശാസ്ത്രനാമം പട്ടികപ്പെടുത്തുന്നു. മഴക്കാല രോഗങ്ങൾ, കോവിഡ് മുൻകരുതലുകൾ, ബോധവത്ക്കരണം നൽകികൊണ്ടുള്ള പോസ്റ്ററുകൾ നിർമ്മാണം.

ദീർഘകാലം-

മൈക്രോസ്കോപ്പ് ഉപയോഗിച്ച് സസ്യഭാഗങ്ങളുടെ ഛേദങ്ങളെടുത്ത് നിരീക്ഷിക്കുന്നു. കോശങ്ങൾ തിരിച്ചറിയുന്നു. ജൈവകമ്പോസ്റ്റ്, മണ്ണിരകമ്പോസ്റ്റ് ജൈവകീടനാശിനികൾ ഇവ നിർമ്മിച്ച് വീട്ടിലും വിദ്യാലയത്തിലും പച്ചക്കറിത്തോട്ടം ഉണ്ടാക്കുന്നു. കൃഷിരീതികൾ, പ്രാധാന്യം ഇവ മനസ്സിലാക്കുന്നു. പ്രദേശത്തുള്ള വിവധതരം ആവാസവ്യവസ്ഥകളെ നിരീക്ഷിക്കുന്നു പ്രത്യേകതകൾ പഠിക്കുന്നു. കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു. സർവ്വേ -

പരിസര പ്രദേശത്തുള്ള സാംക്രമിക രോഗങ്ങൾ, ജീവിതശൈലീരോഗങ്ങൾ, സെമിനാർ - വിവിധതരം രോഗങ്ങൾ, അവ തടയുന്നതിനുള്ള മാർഗ്ഗങ്ങൾ.

## ഫിസിക്സ്

**ലക്ഷ്യങ്ങൾ : -**

അടിസ്ഥാന അളവുകൾ, ചലനം, ബലം, കാന്തികത, ദർപ്പണങ്ങൾ, വൈദ്യുത ചാർജ്ജിങ്ങ് എന്നിവയെക്കുറിച്ചുള്ള പൊതുധാരണകൾ എട്ടാം ക്ലാസിൽ പരിചയപ്പെടുന്നു. ദ്രവബലങ്ങൾ, പാസ്ക്കൽ നിയമം, ആർക്കമെഡിസ് തത്ത്വം, ചലനനിയമങ്ങൾ, ചലനസമവാക്യങ്ങൾ, ഗുരുത്വാകർഷണ നിയമങ്ങൾ, ധാരാവൈദ്യുതി തരംഗചലനവുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവയാണ്. ഒൻപതാം ക്ലാസിൽ പരിചയപ്പെടുന്നത്. വൈദ്യുതിയുടെ താപഫലം, പ്രകാശഫലം, കാന്തികഫലം, എന്നിവ ഉദാഹരണ സഹിതം പരിചയപ്പെടുന്നു. വൈദ്യുത കാന്തിക പ്രരണം ഉപയോഗങ്ങൾ ഇതിനെല്ലാം ആവശ്യമായ സാമഗ്രികൾ പരിചയപ്പെടുന്നു. ദർപ്പണങ്ങളും ലെൻസുകളും പരിചയപ്പെട്ട് അവയുമായി ബന്ധപ്പെട്ട നിയമങ്ങൾ പഠിക്കുന്നു. ഊർജ്ജസംരക്ഷണത്തിന്റെ ആവശ്യകത എന്നിവയെല്ലാം പത്താം ക്ലാസിലെ പാഠഭാഗങ്ങളിൽ പഠിക്കുന്നു.

**ഹ്രസ്വം :-**

ലഘുപരീക്ഷണങ്ങൾ, വൈദ്യുത സർക്കീട്ട് നിർമ്മാണം, വൈദ്യുതി ഉൽപ്പാദനം, കാന്തം, ലെൻസ്, ദർപ്പണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ചെയ്യുന്നു.

**മധ്യമം : -**

നിത്യജീവിതത്തിൽ, ബലം, വൈദ്യുതി കാന്തികത, ഗുരുത്വാകർഷബലം, ചലനം, തരംഗചലനം എന്നിവയുമായി ബന്ധപ്പെട്ട ഉദാഹരണങ്ങൾ കണ്ടെത്തുന്നു. വൈദ്യുതിയുടെ പുതിയ സാങ്കേതിക വിദ്യകൾ ഗ്രഹിക്കുന്നു. ലെൻസുകൾ, ദർപ്പണങ്ങൾ, കാന്തങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പദങ്ങൾ അവയുടെ പ്രതിബിംബം രൂപീകരണങ്ങൾ, രേഖാചിത്രങ്ങൾ എന്നിവ ചെയ്യുന്നു.

**ദീർഘം :-**

വൈദ്യുതി സംരക്ഷിച്ച് ഊർജ്ജസംരക്ഷണത്തിൽ എങ്ങനെ പങ്കാളികളാകാം എന്ന വിഷയത്തിൽ സെമിനാർ ആധുനിക വിവര വിനിമയ സാങ്കേ

തിക വിദ്യയുടെ ഗുണങ്ങൾ, ദോഷങ്ങൾ ഫലപ്രദമായ ഉപയോഗം എന്നിവ പ്രൊജക്ടിലൂടെ കണ്ടെത്തുന്നു. നിത്യജീവിതത്തിലെ ലെൻസ്, ദർപ്പണങ്ങൾ എന്നിവയുടെ ഉപയോഗത്തിന്റെ പട്ടിക തയ്യാറാക്കുന്നു

## കെമിസ്ട്രി

ചുറ്റുപാടുകൾ നിരീക്ഷിച്ചും ലളിതമായ പരീക്ഷണങ്ങളിലൂടെയും ചർച്ചകളിലൂടെയും ശാസ്ത്രത്തിന്റെ രീതി ബോധ്യപ്പെടുന്നതോടൊപ്പം അവ നിത്യജീവിതത്തിൽ പ്രയോഗിക്കാനുള്ള ശേഷിയും ആർജിക്കാനുള്ള ഉദ്ദേശത്തോടെയാണ് പഠനപ്രവർത്തനങ്ങൾ ക്രമീകരിക്കുന്നത്.

**ലക്ഷ്യങ്ങൾ : -**

1. പീരിയോഡിക് ടേബിളിന്റെ ചരിത്രം തിരിച്ചറിയുന്നു.
2. ലോഹങ്ങളും അലോഹങ്ങളും തിരിച്ചറിയുന്നു.
3. അലോഹ മൂലകങ്ങളുടെ പ്രതീകവും സവിശേഷതകളും ഉപയോഗവും മനസ്സിലാക്കുന്നു.
4. കാർബൺ അടങ്ങിയ വിവിധ തരം സംയുക്തങ്ങളെ തിരിച്ചറിയുന്നു.
5. വാച്ച്, ഗ്ലാസ്, ബീക്കർ, ഗ്ലാസ് റോഡ് എന്നിവ ഉപയോഗിച്ച് വിവിധ തരം മിശ്രിതങ്ങളും ലായനികളും ഉണ്ടാക്കുകയും ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പഠിക്കുന്നു.

**ഹ്രസ്വകാലം :-**

- പീരിയോഡിക് ടേബിളിൽ നിന്നും ലോഹങ്ങളെ തിരിച്ചറിഞ്ഞ് അവയുടെ സവിശേഷതകൾ, ഉപയോഗങ്ങൾ എന്നിവ തിരിച്ചറിയുന്നു.
- മൂലകങ്ങളുടെ പേര്, പ്രതീകം, സംയുക്തങ്ങൾ, തന്മാത്രകളുടെ എണ്ണം ആറ്റങ്ങളുടെ എണ്ണം എന്നിവ മനസ്സിലാക്കുന്നു.
- ആനയോണുകളും കാറ്റയോണുകളും തിരിച്ചറിഞ്ഞ് രാസസൂത്രം എഴുതുന്നു.
- രാസസമവാക്യങ്ങൾ രൂപീകരിക്കുകയും സമീകരിക്കുകയും ചെയ്യുന്നു.
- അലോഹസംയുക്തങ്ങളും അവയുടെ രാസസൂത്രത്തിന്റെ ഉപയോഗവും പഠിക്കുന്നു.
- കാർബണിക സംയുക്തങ്ങളുടെ ഘടന, കഡജഅഇ നാമകരണം എന്നിവ പഠിക്കുന്നു.

- മിശ്രിതത്തിലെ ഘടകങ്ങളെ വേർതിരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, സെപ്പറേറ്റിങ്ങ് ഫണൽ, കാന്തം, ഫിൽട്ടർ പേപ്പർ, RB Flash, ക്രോമറ്റോഗ്രാഫി, സെൻട്രിഫ്യൂജ് എന്നിവ പരിചയപ്പെടുന്നു.
- ക്രിയാശീല ശ്രേണി, ഗാൽവാനിക് സെൽ, വൈദ്യുത വിശ്ലേഷണ സെൽ എന്നിവയുടെ പ്രവർത്തനം പരിചയപ്പെടുന്നു.

<u>ദീർഘകാലം :-</u>

- പീരിയോഡിക് ടേബിളിലെ മൂലകങ്ങളുടെ പീരിയഡ്, ഗ്രൂപ്പ്, ബ്ലോക്ക് എന്നിവ കണ്ടെത്തി മൂലകങ്ങളുടെ സവിശേഷതകൾ മനസ്സിലാക്കുന്നു.
- നിത്യജീവിതത്തിൽ ഉപയോഗിക്കപ്പെടുന്ന മൂലകങ്ങളുടെ സവിശേഷതകൾ ചരിത്രം എന്നിവ കണ്ടെത്തുന്നു. (സെമിനാർ)
- അലോഹമൂലകങ്ങളായ ഓക്സിജൻ, നൈട്രജൻ, ഹൈഡ്രജൻ, ക്ലോറിൻ എന്നിവയുടെ ഗുണങ്ങളും ഉപയോഗങ്ങളും മനസ്സിലാക്കുന്നു.
- ഓസോൺ പാളിയുടെ ശോഷണത്തിനും ആഗോളതാപനത്തിനും ഉള്ള കാരണങ്ങളും പ്രതിവിധികളും തിരിച്ചറിയുന്നു. (സെമിനാർ)
- വ്യവസായിക പ്രാധാന്യമുള്ള രാസവസ്തുക്കളായ NB3, H2SO4 എന്നിവയുടെ നിർമ്മാണം, ഉപയോഗം, രാസഭൗതീക ഗുണങ്ങൾ എന്നിവ തിരിച്ചറിയുന്നു.
- വിവിധ ഫങ്ഷണൽ ഗ്രൂപ്പുകൾ പരിചയപ്പെടുകയും അവ ഉൾപ്പെട്ട കാർബണിക സംയുക്തങ്ങളുടെ IUPAC നാമകരണവും അവയുടെ രാസപ്രവർത്തനവും മനസിലാക്കുന്നു.
- വിവിധ തരം രാസപ്രവർത്തനങ്ങളും അവയുടെ നിത്യജീവിതത്തിലെ ഉപയോഗങ്ങളും തിരിച്ചറിയുന്നു.
    - താപ രാസപ്രവർത്തനം
    - പ്രകാശ രാസപ്രവർത്തനം
    - വൈദ്യുത രാസപ്രവർത്തനം
- വിവിധ തരം ലായനികൾ മനസിലാകുന്നു.
- പൂരിതലായനി, അപൂരിതലായനി, അതിപൂരിത ലായനി എന്നിവ തിരിച്ചറിയുന്നു.
- കൊളോയ്ഡ്, സസ്പെൻഷൻ തുടങ്ങിയവ വ്യത്യസ്ത തരം ലായനികളും അവയ്ക്ക് ഉദാഹരണങ്ങളും അവയെ തിരിച്ചറിയുന്നതിനുള്ള മാർഗ്ഗങ്ങളും മനസ്സിലാക്കുന്നു.

- കൃത്രിമ പാനീയങ്ങൾ, പ്രിസർവേറ്റീവുകൾ തുടങ്ങിയവയും ദോഷഫലങ്ങളും (പ്രൊജക്ട്) തിരിച്ചറിയുന്നു.
- ലോഹങ്ങളുടെ സവിശേഷതകൾ മനസിലാക്കുന്നു. ലോഹനാശത്തിനുള്ള ഉപകരണങ്ങൾ തടയാനുള്ള മാർഗ്ഗങ്ങൾ (Project)
- ലോഹനിഷ്ക്കർഷണത്തിന്റെ ഘട്ടങ്ങൾ തിരിച്ചറിഞ്ഞ്, ഇരുമ്പ്, അലുമിനിയം തുടങ്ങിയ ലോഹങ്ങളുടെ ശുദ്ധീകരണ രീതികൾ മനസിലാക്കുന്നു.
- ഫൈബറുകളും പ്ലാസ്റ്റിക്കുകളും എന്നാൽ എന്താണ് തിരിച്ചറിയുന്നതോടൊപ്പം രണ്ടു തരം പ്ലാസ്റ്റിക്കുകളും അവയ്ക്ക് ഉദാഹരണങ്ങളും തിരിച്ചറിയുന്നു.
- പ്ലാസ്റ്റിക്കിന്റെ ദൂഷ്യഫലങ്ങൾ തിരിച്ചറിയുകയും കുറയ്ക്കാമുള്ള മാർഗ്ഗങ്ങൾ (സെമിനാർ) അവതരിപ്പിക്കുകയും ചെയ്യുന്നു.

## അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം

**ലക്ഷ്യങ്ങൾ**

- ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനം, വ്യവകലനം, എന്നിവ സഹായകമാകുന്നു എന്ന് തിരിച്ചറിയുന്നു.
- വസ്തുതകളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് വളർത്തുന്നു.
- ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുന്നു.
- കൃത്യതയോടും സൂക്ഷ്മതയോടും കൂടി കാര്യങ്ങൾ ചെയ്യാൻ പര്യാപ്തരാക്കുന്നു.
- ICT സാധ്യത പരമാവധി ഉപയോഗിച്ച് പഠനം ആയാസരഹിതമാക്കുന്നു.
- ജ്യാമിതീയ രൂപങ്ങളെക്കുറിച്ചുള്ള അറിവ് നേടുന്നു.
- ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നു.
- പ്രായോഗിക പ്രശ്നപരിഹാരം.
- ജ്യാമിതിയിൽ നിന്നും സംഖ്യകളിൽ നിന്നും പാറ്റേൺ നിർമ്മിക്കുന്നു.
- Work Sheetകൾ നൽകുന്നു.

- കുട്ടികളിൽ ഗണിതത്തിൽ മത്സരബുദ്ധി വളർത്തുന്നതിനും കൂടുതൽ അറിവുകൾ നേടുന്നതിനും സഹായിക്കുന്നു.

ഹ്രസ്വം

കളികളിലൂടെയും ICT ചിത്രങ്ങൾ തുടങ്ങിയവയുടെ സഹായത്തോടെയും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

മധ്യമം

ജ്യാമിതീയ രൂപത്തിൽ പട്ടികപ്പെടുത്തൽ (നിത്യോപയോഗ സാധനങ്ങൾ), വർക്ക് ഷീറ്റുകൾ നിർമ്മാണം ജ്യാമിതീയ രൂപങ്ങൾ വരക്കൽ ICT ഉപയോഗിച്ച് ഗണിത രൂപങ്ങൾ പരിചയപ്പെടുത്തൽ.

ദീർഘം

വർക്ക്ഷീറ്റ് നിർമ്മിച്ച് പതിപ്പ് തയ്യാറാക്കുന്നു. സ്കൂൾതല ശാസ്ത്രമേള സംഘടിപ്പിക്കാൻ, ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും മാഗസിൻ നിർമ്മാണം മൂല്യനിർണയങ്ങൾ നടത്തുന്നു. Mathematics dictionary തയ്യാറാക്കുന്നു. ഗണിത ക്വിസുകൾ സംഘടിപ്പിക്കുന്നു.

വിഷയം I C T

ICT Club പ്രവർത്തനങ്ങൾ നടത്തുന്നതിനായി സജ്ജീകരിച്ച ഒരു High Tech Lab ഉണ്ട്. 20 ലാപ്ടോപ്പുകളും 10 കമ്പ്യൂട്ടറുകളും I T Labൽ ഉണ്ട്. കൂടാതെ 9 ക്ലാസ്സ് റൂമുകളിൽ ഹൈടെക് സൗകര്യങ്ങൾ ഉണ്ട്. 8, 9, 10 ക്ലാസ്സുകളിലായി 24 കുട്ടികൾ വീതം Little Kites Clubൽ അംഗങ്ങളാണ്. Little Kites Club ന്റെ നേതൃത്വത്തിൽ സ്കൂളിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. യൂ.പി., ഹൈസ്ക്കൂൾ, അധ്യാപകർ I C T മാധ്യമം ഉപയോഗിച്ച് അധ്യയനം നടത്തുന്നു.

## SPORTS CLUB

**Physical Education**
**Aim, Acheivments, Limitations.**

## AIM

- Create sports intrest in all students.
- To give awareners for the importance of health and physical education in day today life. (Daily exercise makes man healthy).
- Include student in physical activities through physical education classes. (Basics of sports & games, fun activities, minor games)

## ACHEIVEMENTS

- Find and develope student at their early stages, according to their skills make student healthy (Mind and Body stages) chance of participating in various stages (Sub-district, district, state, national international levels) with a varity of game according to the slected.

## LIMITATIONS

- Insufficient rsource persons in the schools, proper facilities to improve the skills, lack of equipments, proper play areas lack of knowledge for the parents.

## ART EDUCATION

### ലക്ഷ്യങ്ങൾ

കുട്ടികളിലെ കലാപരമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിന് - (ചിത്രകല, സംഗീതം, നൃത്തം, നാടകം, സിനിമ) അതത് മേഖലയിലെ വിദ്ധരെകൊണ്ടുവന്നു കുട്ടികൾക്ക് പരിശീലനം കൊടുക്കുന്നു.

### നേട്ടങ്ങൾ

വ്യത്യസ്ത കഴിവുകളുള്ള കുട്ടികൾക്ക് അവർക്ക് താല്പര്യമുള്ള മേഖലയിൽ കൂടുതൽ അറിവു നേടുവാൻ അത് സഹായിക്കുന്നുണ്ട്.

മുകളിൽ പറഞ്ഞ വിഭാഗങ്ങളിൽ കുട്ടികൾ അറിവു നേടുന്നുണ്ടെങ്കിലും ഇത്തരം ക്ലാസ്സുകൾ കുട്ടികൾക്ക് കൂടുതൽ അറിവു നേടുവാനും

പ്രായോഗിക പരിശീലനത്തിനു അവസരം ലഭിക്കുകയും ചെയ്യുന്നു. ഭാവിയിൽ വലിയ പ്രതിഭകളായി മാറ്റുവാനുള്ള പ്രചോദനം ലഭിക്കുന്നു.

## പരിമിതികൾ

ഇതിനെ പരിമിതി എന്ന് പറയുന്നത് വ്യത്യസ്ത മേഖലയിലെ പ്രതിഭകളെ പരിചയപ്പെടുത്തുമ്പോൾ അതിന് വരുന്ന സാമ്പത്തിക ചിലവുകളാണ്. ഒരു പരിധി വരെ **PTA** യുടെ സഹകരണത്തോടെ ഇത് നിറവേറ്റുണ്ട്. (പൂർവ വിദ്യാർത്ഥികൾ **etc.**)

## ഉപസംഹാരം

പരിയാരം സെന്റ് ജോർജ്ജ് ഹൈസ്കൂൾ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള ഈ അക്കാദമിക മാസ്റ്റർ പ്ലാൻ വരും വർഷം സ്കൂളിൽ മികവിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായ രീതിയിൽ നടത്താൻ പ്രയോജനപ്പെടും. ഇതിനായി പ്രവർത്തിച്ച എല്ലാ അധ്യാപകർക്കും നന്ദി ഇതിനുവേണ്ട നിർദ്ദേശങ്ങളും ക്രിയാത്മകമായ അഭിപ്രായങ്ങളും നൽകിയ PTA, MPTA, OSA ഏവർക്കും നന്ദി. ഏവരുടെയും കൂട്ടായ സഹകരണത്തിലൂടെ നമ്മുടെ വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറട്ടെ.